"ഭരണഭാഷ– മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 06.11.2021 ലെ 1(1)–ാം നമ്പർ തിരുമാനം, 12.11.2021 തീയതിയിലെ 6(1) –ാം നമ്പർ തീരുമാനം, എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)–ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിലേക്ക് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 182/2022/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 25/01/2022

പരാമർശം:
1. അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 06.11.2021, തീയതിയിലെ 1(1)–ാം നമ്പർ തിരുമാനം
2. അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 12.11.2021 തീയതിയിലെ 6(1) –ാം നമ്പർ തീരുമാനം
3. അരിമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.11.2021 ലെ ജെസി2–5244/2021 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 17.12.2021 ലെ PAN/15901/2021/C1 നമ്പർ കത്ത്.

**ഉത്തരവ്**

അരിമ്പൂർ ഗ്രാമപഞ്ചായത്ത് മനക്കൊടി ദേശത്ത് 9/173 എ നമ്പർ കെട്ടിടത്തിൽ 6.2 എച്ച്.പി. മോട്ടോർ ഉപയോഗിച്ച് ആലപ്പാട് മിനറൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ നിർമ്മിക്കുന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുന്നതിന്റെ ഭാഗമായി മെഷീനറി ഇൻസ്റ്റലേഷൻ പെർമിഷനു വേണ്ടി ഗ്രാമപഞ്ചായത്തിൽ അപേക്ഷ ലഭിച്ചിരുന്നു. ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങളും സ്ഥാപനത്തിന്റെ പ്രവർത്തനത്തിനു വേണ്ട വെള്ളം, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പ്രതിദിനം 24000 ലിറ്റർ അനുവദിച്ചതിന്റെ ഉത്തരവും അപേക്ഷകൻ ഹാജരാക്കിയിരുന്നു. പൊതുജനങ്ങളിൽ നിന്ന് ജലചൂഷണം ചെയ്യുമെന്നുള്ള പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരോടും കൂടി ആലോചിച്ച് ടി വിഷയം 24.05.2021 ലെ കമ്മിറ്റിയിൽ ചർച്ച ചെയ്തെങ്കിലും അപേക്ഷ തൊട്ടടുത്ത കമ്മിറ്റിയിലേയ്ക്ക് മാറ്റി വച്ചു. നിയമപരമായ നടപടികൾ സ്ഥാപനം പൂർത്തീകരിച്ചിട്ടുണ്ടെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്ന വെള്ളമാണ് സ്ഥാപനം ഉപയോഗിക്കുന്നതെന്നും ആയതിനാൽ ജലചൂഷണം സംബന്ധിച്ച പരാതി അടിസ്ഥാനരഹിതമാണെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചിരുന്നു.

20.10.2021 ലെ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ കത്തിൽ ടി സ്ഥാപനത്തിന് അടിയന്തിരമായി ലൈസൻസ് നൽകേണ്ടതാണ് എന്ന് അറിയിച്ചതിനെ തുടർന്ന് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 25.10.2021–ന് ചേർന്ന യോഗത്തിൽ പരാതിക്കാരെ വിളിച്ച് ചർച്ച ചെയ്യുകയും നിയമപ്രകാരം ലൈസൻസ് അനുവദിക്കേണ്ടതാണ് എന്ന് സെക്രട്ടറി അറിയിക്കുകയും ചെയ്തു. തുടർന്ന് 27.10.2021 ൽ ടി സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുകയും ചെയ്തു.

എന്നാൽ പരാമർശം (1) തീരുമാനപ്രകാരം ടി ലൈസൻസ് റദ്ദ് ചെയ്യുകയുണ്ടായി. നിയമപ്രകാരം അനുവദിച്ച ലൈസൻസ് പൊതുജനങ്ങളുടെ ആശങ്ക മാത്രം പരിഗണിച്ച് റദ്ദ് ചെയ്യുവാൻ സാധിക്കുകയില്ല എന്ന് സെക്രട്ടറി അറിയിക്കുകയും സെക്രട്ടറിയുടെ രേഖാമൂലമുള്ള

കത്തിന്റെ അടിസ്ഥാനത്തിൽ 12.11.2021 ലെ യോഗത്തിൽ ആയത് പുനപരിശോധിക്കുകയും ചെയ്യെങ്കിലും ലൈസൻസ് റദ്ദ് ചെയ്ത നടപടി പിൻവലിക്കേണ്ടതില്ല എന്ന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയുണ്ടായി.

പരാമർശം (1) ലെ തീരുമാനം പുനഃപരിശോധിക്കാതെ പരാമർശം (2) പ്രകാരം ലൈസൻസ് റദ്ദ് ചെയ്ത നടപടി പിൻവലിക്കേണ്ടതില്ല എന്ന് തീരുമാനിച്ച സാഹചര്യത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 182(iii) പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം(3) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചു.

പൊതുജനങ്ങളുടെ ആശങ്ക മാത്രം പരിഗണിച്ച് മേൽ സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദാക്കിയ അരിമ്പൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (1), പരാമർശം (2) തീരുമാനങ്ങൾ നിലനിൽക്കുന്നതല്ലായെന്നും, ലൈസൻസ് അനുവദിച്ച സെക്രട്ടറിയുടെ നടപടി ശരിയാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങളും സ്ഥാപനത്തിന്റെ പ്രവർത്തനത്തിനു വേണ്ട വെള്ളം, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പ്രതിദിനം 24000 ലിറ്റർ അനുവദിച്ചതിന്റെ ഉത്തരവും ഹാജരാക്കിയിട്ടുള്ളതിനാലും ലൈസൻസ് റദ്ദ് ചെയ്ത ഭരണസമിതിയുടെ തീരുമാനങ്ങൾ നിലനിൽക്കുന്നതല്ലായെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയും ചെയ്തിട്ടുള്ളതിനാൽ അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1) , (2) തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിലേക്ക് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ , കോർട്ട് കോംപ്ലക്സ് വഞ്ചിയൂർ , തിരുവനന്തപുരം. (ആമുഖ കത്തും അനുബന്ധ രേഖകളും സഹിതം)
2. സെക്രട്ടറി , അരിമ്പൂർ ഗ്രാമപഞ്ചായത്ത് തൃശ്ശൂർ
3. പ്രസിഡന്റ് , അരിമ്പൂർ ഗ്രാമപഞ്ചായത്ത് തൃശ്ശൂർ.
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് - I /ഓഡിറ്റ് -II), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. ഐ&പി.ആർ. വെബ് ന്യൂ മീഡിയ
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആർ.സി3/457/2021/തസ്വഭവ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ